(സി) നാടൻ തെങ്ങിനങ്ങളും സങ്കരയിനങ്ങളും നീര ഉല്പാദനത്തിന് അനുയോജ്യമാണ്. നല്ല പരിചരണം കിട്ടുന്ന തെങ്ങുകളിൽ നിന്ന് കൂടുതൽ അളവിൽ നീര ലഭിക്കുന്നു. കുറിയ തെങ്ങിനങ്ങളിൽ നിന്ന് കിട്ടുന്ന നീരയുടെ തോത് നാടൻ ഇനങ്ങളെ അപേക്ഷിച്ച് കുറവായിരിക്കും. നീര ഉല്പാദനത്തിന് അനുയോജ്യമായ പ്രദേശങ്ങളെക്കുറിച്ച് പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല.

ഇടുക്കി പ്രത്യേക പാക്കേജ്

150 (3434) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പ്രത്യേക പാക്കേജിന്റെ പ്രയോജനം വിശകലനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) മുൻ യു.പി.എ. സർക്കാരിന്റെ കാലത്തു കാർഷിക പാക്കേജിന്റെ കാലാവധി ദീർഘിപ്പിച്ച് കിട്ടുന്നതിനായി ശ്രമിച്ചിട്ടുണ്ടായിരുന്നുവോ ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു ;

(സി) ഇടുക്കി പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുന്നതിലും കാലാവധി അവസാനിക്കുന്നതിനു മുമ്പായി അത് ദീർഘിപ്പിച്ച് കിട്ടുന്നതിന് ശ്രമിക്കുന്നതിലും വീഴ്ച വരുത്തിയവർ ആരൊക്കെയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 7-3-2009-ലെ സർക്കാർ ഉത്തരവ് നമ്പർ (എം എസ്.) 375/09/കൃഷി പ്രകാരം സർക്കാർ മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഇടുക്കി ഐശ്വര്യ സമിതി, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇടുക്കി കർമ്മ സമിതി, കാർഷിക ഉല്പാദന കമ്മീഷണർ അദ്ധ്യക്ഷനായ ടാസ്ക്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിവ യോഗങ്ങൾ കൂടുകയും ഇടുക്കി പാക്കേജിന്റെ പ്രയോജനം വിശകലനം നടത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രമിച്ചിട്ടുണ്ട്. 15-1-2014-ൽ കൂടിയ സംസ്ഥാന മന്ത്രിസഭാ യോഗം ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി 23-1-2014-ൽ 2 വർഷം കാലാവധി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി.

(സി) ഇടുക്കി പാക്കേജിന്റെ നടത്തിപ്പിൽ പ്രതിബന്ധങ്ങൾ നേരിടുന്നുണ്ട്. 50 ലക്ഷത്തിനു താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന്മേൽ ഉകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഉടർ സ്കീമുകളിൽ DPR തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു നടപ്പിലാക്കുന്നത്. ഇടുക്കി പാക്കേജിന് മാത്രമായി ബജറ്റ് വിഹിതമില്ലാത്തതിനാൽ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ചില പദ്ധതികൾക്ക് അതാത് സ്കീം പ്രകാരമുള്ള കേന്ദ്രവിഹിതം കുറവായത് കാരണം പദ്ധതികൾ നടപ്പിലാക്കാൻ തടസ്സം നേരിടുന്നു. പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തി DPR തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ. ചീഫ് സെക്രട്ടറി 29-4-2013-ൽ കാർഷിക ഉത്പാദന കമ്മീഷണർക്ക് അയച്ച കത്ത്) കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ബഹു. മുഖ്യമന്ത്രി 23-1-2014-ലും 16-10-2014-ലും ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന ഉടർപദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാകില്ലായെന്നും കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഉടർന്നും ആർ.കെ.വി.വൈ. പോലുള്ള ഉടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു. കേന്ദ്ര കൃഷി മന്ത്രി 13-11-2014-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജ്മൂലം ഗ്രാമീണ ഉപജീവന മാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly